ജയിലുകളിലെ തടവുകാർ

1500. [2254] ശ്രീ. വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിൽ ഇപ്പോൾ മൊത്തം എത്ര തടവുകാർ ഉണ്ട് ;

(ബി) ഇതിൽ ഓരോ ജയിലിലും എത്ര വീതം ;

(സി) ജീവപര്യന്തം തടവുശിക്ഷയ്ക്ക് വിധിക്കപ്പെട്ട് കിടക്കുന്നവർ ഓരോ ജയിലിലും എത്രവീതമുണ്ട് ?

ഉത്തരം

(എ) 3665 തടവുകാർ.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി)

സെൻട്രൽ പ്രിസൺ, തിരുവനന്തപുരം	650
സെൻട്രൽ ജയിൽ, വിയ്യൂർ	52
സെൻട്രൽ ജയിൽ, കണ്ണൂർ	537
ഓപ്പൺ പ്രിസൺ, നെട്ടുകാൽത്തേരി	146

ജയിലധികൃതരുടെ പെരുമാറ്റ ദൂഷ്യം

1501. [2255] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിലുകളിൽ കഴിയുന്ന തടവുകാരോട് ജയിലധികൃതരും വാർഡർമാരും ക്രൂരമായി പെരുമാറുന്നതായും ഭീകരമായി മർദ്ദിക്കുന്നതായും ഉള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഇപ്രകാരം ഭീകര മർദ്ദനം നടന്നതായി 1986-ൽ ഇതുവരെ എത്ര പരാതികൾ ഉണ്ടായിട്ടുണ്ട് ;

(സി) ജയിൽ മർദ്ദനങ്ങളെപ്പറ്റി എത്ര തടവുകാരിൽനിന്നും ഈ കാലയളവിൽ പരാതി കിട്ടിയിട്ടുണ്ട് ;

(ഡി) ഇവയിൽ മേൽ നടപടികൾ വല്ലതും സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ജയിൽ മർദ്ദനം നടന്നതായി പരാതി ലഭിച്ചാൽ അതേപ്പറ്റി അന്വേഷണം നടത്തുന്നത് ആരാണ് ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്ന്.

(സി) രണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

(ഇ) പരാതി ലഭിച്ചാൽ അതിന്റെ സ്വഭാവം അനുസരിച്ച് ജയിൽ സൂപ്രണ്ട്, ഡപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, ജയിൽ ഇൻസ്പെക്ടർ ജനറൽ എന്നീ ഉദ്യോഗസ്ഥൻമാർ വിശദമായ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

കണ്ണൂർ സെൻട്രൽ ജയിലിലെ ജീവപര്യന്തം തടവുകാർ

1502. [2256] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ അഡ്വൈസറി കമ്മിറ്റി വിട്ടയക്കാൻ ശുപാർശ ചെയ്യപ്പെട്ട എത്ര ജീവപര്യന്തം തടവുകാർ ഇപ്പോൾ കണ്ണൂർ സെൻട്രൽ ജയിലിലുണ്ട് ;

† അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്നാണ് ബോർഡ് ഇവരെ വിട്ടയയ്ക്കാൻ ശുപാർശ ചെയ്തത് ;

(സി) വിട്ടയയ്ക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്ത തടവുകാർ ആരൊക്കെയാണ് ;

(ഡി) ഇവരെ വിട്ടയയ്ക്കാൻ കാലതാമസം ഉണ്ടാകുമോ ; എങ്കിൽ എന്തുകൊണ്ട് ;

(ഇ) ഇല്ലെങ്കിൽ ഇവരെ എന്നേക്ക് വിട്ടയയ്ക്കും ?

ഉത്തരം

(എ) 37 തടവുകാർ.

(ബി) 2-8-1986.

(സി) ശുപാർശ ചെയ്ത തടവുകാരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി, ഇ) അഡ്വൈസറി കമ്മിറ്റിയുടെ ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്.

1503. [2257] ശ്രീ. വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുസൈഡിലെ സൈൻബോർഡുകളിൽ സിനിമാപരസ്യങ്ങളും മറ്റും ഒട്ടിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു തടയാൻ കർശന നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റോഡുസൈഡിലെ സൈൻബോർഡുകളിൽ പരസ്യങ്ങൾ പതിക്കുന്നത് പോലീസ് ആക്ടിന്റെ 46-ാം വകുപ്പുപ്രകാരം കുറ്റകരമാണ്. വകുപ്പുപ്രകാരം നടപടി എടുത്തുവരുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ പ്രാതിനിധ്യം

1504. [2258] ശ്രീ. ബെന്നി ബഹനാൻ :

,, എം. എം. ഹസ്സൻ :

,, ജി. കാർത്തികേയൻ :

,, പന്തളം സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ പ്രാതിനിധ്യം നിശ്ചിതതോതിൽ കുറവുള്ള വകുപ്പുകളിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് ;

(ബി) അതിൽ ഗസറ്റഡ് എത്ര; നോൺ ഗസറ്റഡ് എത്ര ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിന് 3245 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) 331.

2914.

† അനുബന്ധം V.

LIBRARY ARCHIVES Kerala Legislative Assembly